**പതിമൂന്നാം കേരള നിയമസഭ**
**പതിമൂന്നാം സമ്മേളനം**
**നക്ഷത്ര ചിഹ്നമിടാത്ത ചോദ്യം നമ്പർ - 514**
**10.3.2015-ലെ മറുപടിക്ക്**

**ട്രഷറിയിലെ നിക്ഷേപങ്ങൾ**

| | ചോദ്യം | ഉത്തരം |
|---|---|---|
| | ശ്രീ. സാജു പോൾ | ബഹു: ധനകാര്യവും നിയമവും ഭവന നിർമ്മാണവും വകുപ്പ് മന്ത്രി<br>ശ്രീ. കെ.എം. മാണി |
| (എ) | സംസ്ഥാനത്തെ പൊതുമേഖലാ സ്ഥാപനങ്ങൾ, സഹകരണ സ്ഥാപനങ്ങൾ, കോർപ്പറേഷനുകൾ, ബോർഡുകൾ തുടങ്ങിയ മേഖലയിൽ നിന്നുള്ള സംസ്ഥാന ട്രഷറിയിലെ നിക്ഷേപങ്ങൾ സംബന്ധിച്ച ഏറ്റവും ഒടുവിലത്തെ മൊത്തം സ്റ്റേറ്റ്മെന്റ് ലഭ്യമാക്കാമോ; | 2015 മാർച്ച് 3 ലെ കണക്കുകൾ പ്രകാരം സംസ്ഥാനത്തെ പൊതുമേഖലാസ്ഥാപനങ്ങൾക്ക് ട്രഷറിയിലുള്ള നിക്ഷേപം 2837.82 കോടി രൂപയും, സഹകരണ സ്ഥാപനങ്ങളുടെ നിക്ഷേപം 218.60 കോടി രൂപയും, ബോർഡുകളുടെ നിക്ഷേപം 1115.38 കോടി രൂപയും കോർപ്പറേഷനുകളുടെ നിക്ഷേപം 1390.78 കോടി രൂപയുമാണ്. |
| (ബി) | എത്ര ശതമാനം പലിശ നൽകാമെന്ന വ്യവസ്ഥയിലാണ് ഈ സ്ഥാപനങ്ങളിൽ നിന്നും ട്രഷറി പണം സ്വീകരിച്ചിട്ടുള്ളതെന്ന് വ്യക്തമാക്കാമോ; | 3.9.2014 തീയതിയിലെ G.O(P)നം.383/2014/ധന ഉത്തരവ് പ്രകാരം, പ്രത്യേക നിക്ഷേപസമാഹരണ പദ്ധതി അനുസരിച്ചിട്ടുള്ള നിക്ഷേപങ്ങൾക്ക് 8% പലിശയാണ് നൽകുന്നത്. സർക്കാർ ആവശ്യപ്പെടുന്നതനുസരിച്ച് പ്രത്യേക നിക്ഷേപം നടത്തുന്ന ക്ഷേമ ബോർഡുകൾക്ക് ഉയർന്നനിരക്കിൽ പലിശ നൽകാറുണ്ട്. സേവിംഗ്സ് ബാങ്ക് നിക്ഷേപത്തിന് 5% പലിശയാണ് ഇപ്പോൾ നിലവിലുള്ളത്. മറ്റ് സ്ഥിരനിക്ഷേപങ്ങൾക്ക് കാലാകാലങ്ങളിൽ പലിശ നിരക്ക് പുതുക്കി |

| | | |
|---|---|---|
| | | നിശ്ചയിക്കാറുണ്ട്. 22.2.2014 തീയതിയിലെ G.O (P)നം.77/2014/ധന ഉത്തരവ് പ്രകാരവും, 5.9.2014 തീയതിയിലെ G.O.(P)No.385/14/ധന ഉത്തരവ് പ്രകാരവുമുള്ള പലിശനിരക്കാണ് മറ്റ് സ്ഥിരനിക്ഷേപങ്ങൾക്ക് ഇപ്പോൾ നൽകുന്നത്. |
| (സി) | ട്രഷറി നിക്ഷേപം ഇനത്തിൽ ഏറ്റവും ഒടുവിലത്തെ കണക്കുകൾ പ്രകാരം തിരികെ നൽകേണ്ടതായ മൊത്തം തുകയും പലിശയും സംബന്ധിച്ച് വിശദമാക്കാമോ; | ഏറ്റവും ഒടുവിലത്തെ കണക്കുകൾ പ്രകാരം, ട്രഷറി നിക്ഷേപത്തിന്മേൽ നൽകേണ്ടതായ മൊത്തം തുകയും പലിശയും 7011.47 കോടി രൂപയാണ്. |

സെക്ഷൻ ഓഫീസർ